**വിദ്വേഷരാഷ്ട്രീയത്തിന്നെതിരെ വോട്ട് ചെയ്യുക. സമത്വവും നാനാത്വവും നിലനിൽക്കുന്ന ഒരിന്ത്യയ്ക്കായി വോട്ടു ചെയ്യുക: ഇന്ത്യൻ പൗരരോട് എഴുത്തുകാരുടെ അഭ്യർത്ഥന**

വരാൻ പോകുന്ന പൊതുതെരഞ്ഞെടുപ്പ് നമ്മുടെ രാജ്യത്തെ സംബന്ധിച്ച് ഒരു വഴിത്തിരിവാണ്. നമ്മുടെ ഭരണഘടന എല്ലാ പൗരർക്കും തുല്യാവകാശങ്ങളും, ഇഷ്ടമുള്ള പോലെ ഭക്ഷിക്കുവാനും പ്രാർത്ഥിക്കുവാനും ജീവിക്കുവാനുമുള്ള സ്വാതന്ത്ര്യവും ആവിഷ്കാരസ്വാതന്ത്ര്യവും വിയോജിക്കുവാനുള്ള അവകാശവും നൽകുന്നുണ്ട്. എന്നാൽ ഇക്കഴിഞ്ഞ ചില വർഷങ്ങളിൽ സമുദായത്തിന്റെയും ജാതിയുടെയും ലിംഗത്തിന്റെയും ജന്മപ്രദേശത്തിന്റെയും പേരിൽ ജനങ്ങൾ വിവേചനത്തിന് വിധേയരാകുന്നതും ആക്രമിക്കപ്പെടുന്നതും തല്ലിക്കൊല്ലപ്പെടുന്നതും നാം കണ്ടു. രാജ്യത്തെ വിഭജിക്കാനും ഭയം സൃഷ്ടിക്കാനും സമ്പൂർണപൗരരായി ജീവിക്കുന്നതിൽ നിന്ന് കൂടുതൽ കൂടുതൽ ജനങ്ങളെ ഒഴിച്ചുനിർത്താനും വിദ്വേഷരാഷ്ട്രീയം ഉപയോഗിക്കപ്പെടുന്നു. എഴുത്തുകാരും കലാകാരന്മാരും സിനിമാനിർമ്മാതാക്കളും പാട്ടുകാരും സാംസ്കാരികപ്രവർത്തകരും ഭീഷണിക്കും സെൻസർഷിപ്പിനും വിധേയരാകുന്നു. അധികാരികളെ ചോദ്യം ചെയ്യുന്നവർ അപകടത്തിലാണ്; കപടവും അപഹാസ്യവുമായ ആരോപണങ്ങൾ ചുമത്തി അവരെ ഉപദ്രവിക്കുന്നതും തടങ്കലിലാക്കുന്നതും പതിവായിരിക്കുന്നു.

ഈ സ്ഥിതി മാറണമെന്ന് ഞങ്ങളെല്ലാം ആഗ്രഹിക്കുന്നു. യുക്തിവാദികളും എഴുത്തുകാരും ആക്റ്റിവിസ്റ്റുകളും ആക്രമിക്കപ്പെടുന്നതും കൊല്ലപ്പെടുന്നതും അനുവദിക്കാനാവില്ല. സ്ത്രീകളെയും ദളിതരെയും ആദിവാസികളെയും ന്യൂനപക്ഷങ്ങളെയും വാക്കു കൊണ്ടും പ്രവൃത്തി കൊണ്ടും ഹിംസിക്കുന്നവർക്കെതിരെ കടുത്ത നടപടികൾ കൈക്കൊള്ളണം. എല്ലാവർക്കും തൊഴിൽ, വിദ്യാഭ്യാസം, ഗവേഷണം, ആരോഗ്യപരിരക്ഷ ഇവയ്ക്കെല്ലാമുള്ള  തുല്യാവസരങ്ങളും ഉപാധികളും നടപടികളും ഉണ്ടാകണം എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. എല്ലാത്തിലുമുപരിയായി, നമ്മുടെ വൈവിധ്യം നിലനിൽക്കുകയും ജനാധിപത്യം പുലരുകയും ചെയ്യേണ്ടതുണ്ട്.

ഇത് നമുക്ക് എങ്ങിനെ ചെയ്യാനാവും? അത്യാവശ്യമായ ഈ മാറ്റം നാം എങ്ങിനെ കൊണ്ടുവരും? നാം ചെയ്യേണ്ട, നമുക്ക് ചെയ്യാൻ കഴിയുന്ന, പലതുമുണ്ട്. എന്നാൽ നിർണ്ണായകമായ ഒരു ആദ്യചുവടുണ്ട്.

നമുക്ക് ഉടൻ എടുക്കാവുന്ന ആ ആദ്യത്തെ ചുവട് വിദ്വേഷരാഷ്ട്രീയത്തെ വോട്ടിലൂടെ പുറത്താക്കുക എന്നതാണ്. നമ്മുടെ ജനതയുടെ വിഭജനത്തെ വോട്ടിലൂടെ തടയുക, അസമത്വത്തെ ബഹിഷ്കരിക്കുക, ഹിംസയ്ക്കും ഭീഷണിക്കും സെൻസർഷിപ്പിനുമെതിരെ വോട്ടു ചെയ്യുക. നമ്മുടെ ഭരണഘടന നൽകിയ വാഗ്ദാനങ്ങൾ പുതുക്കുന്ന ഒരിന്ത്യക്കു വേണ്ടി വോട്ടു ചെയ്യാൻ നമുക്കുള്ള ഒരേയൊരു വഴി ഇതാണ്. അതുകൊണ്ടാണ് നാനാത്വവും സമത്വവും പുലരുന്ന ഒരു ഇന്ത്യയ്ക്കുവേണ്ടി വോട്ടു ചെയ്യുവാൻ ഞങ്ങൾ എല്ലാ പൗരരോടും ആവശ്യപ്പെടുന്നത്.